## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1302 — 21.03.2013-ലെ മറുപടിക്ക്

### റോഡു വികസനത്തിന് മാസ്റ്റർപ്ലാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

**ചോദ്യം**

(എ). കേരളത്തിലെ ദേശീയപാതകളും സംസ്ഥാനപാതകളും നാലുവരിപ്പാതകളാക്കി ഡിവൈഡർ സ്ഥാപിച്ച് സഞ്ചാരയോഗ്യമാക്കാൻ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ;

(ബി). ഇല്ലെങ്കിൽ ആയതിനായി സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ). & (ബി). കേരളത്തിലെ പ്രധാന ദേശീയപാതകളായ എൻ.എച്ച്.17-ഉം എൻ.എച്ച്.47-ഉം NHDP Phase(II & III)-ൽ ഉൾപ്പെടുത്തി BOT വ്യവസ്ഥയിൽ 4/6 വരി പാതയായി വികസിപ്പിച്ചു വരുന്നു. ഇവ വികസിപ്പിക്കുമ്പോൾ IRC-യും MORTH-ഉം അനുശാസിക്കുന്ന തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് വികസിപ്പിക്കുന്നത്. ഇതിൽ ഡിവൈഡറുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എ.ഐ. മുഖേനയാണ് നടപ്പാക്കുന്നത്. കൂടാതെ മറ്റു ദേശീയപാതകളായ എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220 എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു വരി പാതയായാണ് വികസിപ്പിക്കുന്നത്. രണ്ടു വരിയായി പാതകൾ വികസിപ്പിക്കുമ്പോൾ ഡിവൈഡറുകൾ നൽകാറില്ല. പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന പാതകളുടെ വികസനത്തിന് നിലവിൽ മാസ്റ്റർ പ്ലാനുകളൊന്നും തന്നെ ഇല്ല.

സെക്ഷൻ ഓഫീസർ